(സി) ഈ റൂട്ടുകൾ ദേശവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2004 ജൂലൈ മാസം 6-ാം തീയതി കേരള സർക്കാർ ഗസറ്റിൽ (അസാധാരണം) നം. 1412 പ്രകാരം കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി ആന്റ് സി) അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് യഥേഷ്ടം സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി

88 [2860] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് തുടങ്ങിയ ബസ്സ് സർവ്വീസുകൾക്ക് ഫെയർ സ്റ്റേജ്, സ്റ്റോപ്പുകൾ എന്നിവ നിർണ്ണയിക്കുന്നതിന് അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം-കൊല്ലം, തിരുവനന്തപുരം-നാഗർകോവിൽ, തിരുവനന്തപുരം-വിഴിഞ്ഞം, തിരുവനന്തപുരം-ചെങ്കോട്ട, തിരുവനന്തപുരം-കൊട്ടാരക്കര റൂട്ടുകളിൽ എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് തുടങ്ങിയ ബസ്സ് സർവ്വീസുകളുടെ ആദ്യത്തെ മൂന്ന് ഫെയർ സ്റ്റേജും, പോയിന്റുകളും ബസ്സ് ഫെയറും യഥാക്രമം എത്രയെന്ന് അറിയിക്കാമോ;

(സി) മേൽ കാണിച്ചിരിക്കുന്ന ഫെയർ സ്റ്റേജ് പോയിന്റുകൾ തിരുവനന്തപുരത്തു നിന്ന് യഥാക്രമം എത്ര കിലോമീറ്റർ വീതം അകലെയാണെന്ന് അറിയിക്കാമോ;

(ഡി) തിരുവനന്തപുരം-കൊട്ടാരക്കര റൂട്ടിലെ വെമ്പായം ജംഗ്ഷനിൽ എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്കും ഫെയർ സ്റ്റേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) അഞ്ഞൂറ് കിലോമീറ്ററിലധികം ഒറ്റ ടിക്കറ്റിൽ ദീർഘയാത്ര നടത്തുന്ന കെ. എസ്. ആർ. ടി. സി. യാത്രക്കാരന് പകൽ സമയത്തും എല്ലാ ഇനം ബസ്സുകളിലും ഇഷ്ടാനുസരണം സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇരുന്നൂറ് കിലോമീറ്ററിലധികം യാത്ര ചെയ്യുന്ന അഞ്ചിലേറെ യാത്രക്കാർക്കും മുന്നൂറ് കിലോ മീറ്ററിലധികം യാത്ര ചെയ്യുന്ന മൂന്നിലധികം യാത്രക്കാർക്കും ഏതു സമയത്തും ഇഷ്ടാനുസരണം സൂപ്പർ ഫാസ്റ്റിന് സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് തുടങ്ങിയ സർവ്വീസുകൾ ആരംഭിച്ചത് ദീർഘദൂര യാത്രക്കാരെ ലക്ഷ്യമിട്ടുകൊണ്ടാണ്. ദീർഘദൂരം കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിലേയ്ക്കായി പ്രസ്തുത സർവ്വീസുകളുടെ ഫെയർ സ്റ്റേജുകൾ തമ്മിലുള്ള അകലം കൂട്ടിയും സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും സർവ്വീസ് നടത്തുന്നുണ്ട്. പ്രസ്തുത സർവ്വീസുകൾക്ക് പ്രധാനപ്പെട്ട ടൗൺ ബസ് സ്റ്റേഷൻ ഫെയർ സ്റ്റേജും, ബസ് സ്റ്റോപ്പുകളുമായി നിശ്ചയിച്ചിരിക്കുന്നു.

(ബി) കെ. എസ്. ആർ. ടി. സി.-യ്ക്ക് നിലവിൽ എക്സ്പ്രസ്സ് സർവ്വീസുകൾ ഇല്ല. സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകൾ ഉണ്ട്. എന്നാൽ തിരുവനന്തപുരം-വിഴിഞ്ഞം, തിരുവനന്തപുരം-നാഗർകോവിൽ, തിരുവനന്തപുരം-ചെങ്കോട്ട റൂട്ടുകളിൽ സൂപ്പർ എക്സ്പ്രസ്സ് സർവ്വീസ് ഇല്ല. തിരുവനന്തപുരം-കൊല്ലം റൂട്ടുകളിൽ സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകളുടെ ആദ്യത്തെ മൂന്ന് ഫെയർ സ്റ്റേജും ഫെയറും താഴെ പറയുന്ന പ്രകാരമാണ് :—

	ഫെയർ സ്റ്റേജ്	ഫെയർ
1.	തിരുവനന്തപുരം	0.00
2.	ആറ്റിങ്ങൽ	20.00
3.	ചാത്തന്നൂർ	35.00
4.	കൊല്ലം	40.00

തിരുവനന്തപുരം-കൊട്ടാരക്കര റൂട്ടിൽ സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകളുടെ ആദ്യത്തെ മൂന്ന് ഫെയർ സ്റ്റേജുകളും ഫെയറും താഴെ പറയുന്ന പ്രകാരമാണ് :—

	ഫെയർ സ്റ്റേജ്	ഫെയർ
1.	തിരുവനന്തപുരം	0.00
2.	കിളിമാന്നൂർ	25.00
3.	വാളകം	35.00
4.	കൊട്ടാരക്കര	40.00

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം-കൊട്ടാരക്കര, തിരുവനന്തപുരം-കൊല്ലം റൂട്ടിൽ സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകളുടെ ആദ്യത്തെ മൂന്ന് ഫെയർ സ്റ്റേജ് പോയിന്റുകളുടെ ദൂരം താഴെപ്പറയുന്ന പ്രകാരമാണ് :—

1. തിരുവനന്തപുരം-കൊല്ലം ഫെയർ സ്റ്റേജ്		തിരുവനന്തപുരത്തു നിന്നുള്ള ദൂരം കി. മീ.
1.	തിരുവനന്തപുരം	0.00
2.	ആറ്റിങ്ങൽ	34.4
3.	ചാത്തന്നൂർ	57.0
4.	കൊല്ലം	72.9

2. തിരുവനന്തപുരം-കൊട്ടാരക്കര ഫെയർ സ്റ്റേജ്		തിരുവനന്തപുരത്തു നിന്നുള്ള ദൂരം കി. മീ.
1.	തിരുവനന്തപുരം	0.00
2.	കിളിമാനൂർ	40.2
3.	വാളകം	62.5
4.	കൊട്ടാരക്കര	72.3

(ഡി) ഈ നിർദ്ദേശം പരിഗണനയിൽ ഇല്ല.

(ഇ) ഈ നിർദ്ദേശം പരിഗണനയിൽ ഇല്ല.

(എഫ്) ഇക്കാര്യം പരിഗണനയിൽ ഇല്ല.

മിനി ബസ്സ് പെർമിറ്റിന് ഏകീകൃത നിയമം

89 [2861] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മിനി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ബസ്സുകളിൽ എത്ര പേർ ജോലി ചെയ്തുവരുന്നുണ്ട് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly